## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 105 — 29/09/2016 ൽ മറുപടിക്ക്

## റീസർവ്വെ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ഡോ. എം.കെ.മുനീർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭൂമി റീസർവ്വേ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 881 വില്ലേജുകളിലെ റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 8 വില്ലേജുകളിൽ സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനവും 53 വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനവും പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) റീസർവ്വേ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) സർക്കാർ ഉത്തരവ് (എം.എസ്സ്) നമ്പർ 409/2012/റവന്യൂ തീയതി 31/10/2012 പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (സി) റീസർവ്വേയിൽ വന്ന അപാകതകൾ പരിഹരിക്കാൻ നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ; | (സി) ജി.ഒ. (എം.എസ്സ്) 200/2010/റവന്യൂ തീയതി 31/05/2010 പ്രകാരം, റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിലെ ഭൂപരാതികളിന്മേൽ അതാത് താലൂക്ക് ഓഫീസുകൾ മുഖാന്തിരം നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) പരിഹാര നടപടികൾ കുറ്റമറ്റ രീതിയിൽ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) റീസർവ്വേയുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിച്ച് എത്രയും വേഗം തീർപ്പു കൽപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ